13294
10/7/18

കേരള സർക്കാർ

സംഗ്രഹം

ജലവിഭവ വകുപ്പ് - ജീവനക്കാര്യം - ഇറിഗേഷൻ വകുപ്പിൽ താൽക്കാലിക മൂന്നാം ഗ്രേഡ് ഓവർസിയറായി ജോലി നോക്കിയിരുന്ന ശ്രീ.കെ.ബാലകൃഷ്ണന് അതേ രീതിയിൽ സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് നൽകിയ ആനുകൂല്യം നൽകി കോടതി ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജലവിഭവ (എ) വകുപ്പ്

സ.ഉ.(എം.എസ്.) നം.32/2018 /ജ.വി.വ  തീയതി,തിരുവനന്തപുരം, 30/06/2018.

---

പരാമർശം:- 1) 30/09/2014 ലെ ജി.ഒ.(എം.എസ്)91/2014/ജവിവ നമ്പർ ഉത്തരവ്
2) ചീഫ് എഞ്ചിനീയർ (ഐ&എ), തിരുവനന്തപുരം -ന്റെ 28/01/2017, 12/04/2018 തീയതികളിലെ എ 8/18494/2015 നമ്പർ കത്ത്.
3) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16/02/2018 ലെ OA(EKM) No.414/2018 നമ്പർ ഉത്തരവ്.

## ഉത്തരവ്

വിവിധ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജലസേചന വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേന 34 മൂന്നാം ഗ്രേഡ് ഓവർസിയർമാർ താൽക്കാലികാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്നു. ഇവരിൽ 21 താൽക്കാലിക 3rd ഗ്രേഡ് ഓവർസിയർമാരുടെ സേവനം 17.01.2012 ലെ സ.ഉ(എം.എസ്)നം.1/2012/WRD പ്രകാരം സർക്കാർ സ്ഥിരപ്പെടുത്തിയിട്ടുണ്ട് കേരള സർവ്വീസ് റൂൾസ് പാർട്ട് 1 ചട്ടം 60 A പ്രകാരം 55 വയസ് പൂർത്തിയായതിനാൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെട്ട 13 പേരെ ഇതിൽ നിന്നും ഒഴിവാക്കിയിരുന്നു. ടി സർക്കാർ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കാതെ സർവ്വീസിൽ നിന്നും വിരമിച്ച 13 പേരിൽ 7 പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ പ്രസ്തുത ആനുകൂല്യത്തിനായി OA.No. 1210/12 ഫയൽ ചെയ്യുകയും 30.09.2014 ലെ സ.ഉ(എം.എസ്)നം.91/14/WRD ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായവരും ജലസേചനവകുപ്പിൽ നിന്നും വിരമിച്ചവരുമായ 13 താൽക്കാലിക മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ സേവനകാലം, അവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന ആവശ്യത്തിലേയ്ക്ക് മാത്രമായി അവരുടെ ജലസേചനവകുപ്പിലെ മുൻകാല സർവ്വീസിന്റെ 50% കണക്കിലെടുത്ത് അവർ സർവ്വീസിൽ നിന്നും വിരമിച്ച തീയതി മുതൽ പ്രാബല്യത്തിൽ ക്രമപ്പെടുത്തി ഉത്തരവായിരുന്നു.

2) ഇതുമായി ബന്ധപ്പെട്ട് OA No.1210/12 ൽ 3-ാം കക്ഷിയായി ചേർന്നിട്ടുള്ള ശ്രീ.കെ.ബാലകൃഷ്ണൻ 03.02.1982 മുതൽ ഇറിഗേഷൻ വകുപ്പിൽ താൽകാലിക തേഡ് ഗ്രേഡ് ഓവർസിയറായി തുടർച്ചയായി ജോലി നോക്കുകയും OA No.1210/12 ൽ ടിയാന്റെ പേര് ഉൾപ്പെട്ടിരുന്നെങ്കിലും മേൽവിലാസത്തിലെ വ്യത്യാസം കാരണം 13 പേരുടെ ലിസ്റ്റിൽ ടിയാൻ ഉൾപ്പെട്ടിരുന്നില്ല എന്നും ആയതിനാൽ അതേ രീതിയിൽ സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് ലഭിച്ചു വരുന്ന പെൻഷൻ ആനുകൂല്യം തനിക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നിവേദനം സമർപ്പിച്ചിരുന്നു. പ്രസ്തുത ആവശ്യം ഉന്നയിച്ച് ശ്രീ.ബാലകൃഷ്ണൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM)No.414/2018 ഫയൽ ചെയ്യുകയും ബഹു.ട്രൈബ്യൂണൽ 16/02/2018 ൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

"There will be a direction to the 1st respondent to take a decision on Annexure A8 representation after assessing all aspects and in the light of the observations made above, as expeditiously as possible, within a period of two months from the date of production of a certified copy of this order which will be produced by the applicant along with a copy of this original application. We also notice that the benefits have been sanctioned to 13 provisional 3rd grade Overseers by reckoning 50% of their prior service and by giving effect to it from the respective dates of retirements".

3) ശ്രീ.കെ.ബാലകൃഷ്ണനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുകയും 03.02.1982 ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു എന്നും പ്രസ്തുത സമയത്തെ മറ്റു താൽക്കാലിക ജീവനക്കാർക്ക് ബാധകമായ കോടതി ഉത്തരവ് പ്രകാരം ശ്രീ.ബാലകൃഷ്ണൻ.കെ.യും 55 വയസ് പൂർത്തിയാകുന്നതുവരെ സർവ്വീസിൽ തുടരുകയുണ്ടായി എന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ടിയാന്റെ കൂടെ ജോലിയിൽ പ്രവേശിച്ച താൽക്കാലിക ഓവർസിയർമാർക്ക് അവരുടെ മുൻകാല സർവ്വീസിന്റെ 50% കണക്കിലെടുത്ത് പെൻഷൻ ആനുകൂല്യം അനുവദിച്ചതു പോലെ ടിയാന്റെ അപേക്ഷയിലും ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്നും ചീഫ് എഞ്ചിനീയർ പരാമർശം രണ്ടിലെ കത്തുകൾ പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരായ ജീവനക്കാരുടെ പട്ടികയിൽ നിന്നും ജലസേചനവകുപ്പിൽ താൽക്കാലിക തേഡ് ഗ്രേഡ് ഓവർസിയറായി ജോലി നോക്കിയിരുന്ന ശ്രീ.ബാലകൃഷ്ണൻ ഒഴിവാക്കപ്പെട്ടത് സാങ്കേതിക കാരണത്താലായതിനാലും, ടിയാനോടൊപ്പം സർവ്വീസിൽ പ്രവേശിച്ച മറ്റു ജീവനക്കാർക്ക് ലഭിച്ച ആനുകൂല്യം ടിയാന് നിഷേധിക്കുന്നത് സ്വാഭാവിക നീതിയുടെ ലംഘനമാകുമെന്നതിനാലും അതേ രീതിയിൽ വിരമിച്ച മറ്റു ജീവനക്കാർക്ക് നൽകിയ ആനുകൂല്യം ശ്രീ.കെ.ബാലകൃഷ്ണനും നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം മൂന്നിലെ കോടതി വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ടിങ്കു ബിസ്വാൾ

സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ (ഐ ആന്റ് എ), തിരുവനന്തപുരം
ശ്രീ.ബാലകൃഷ്ണൻ കെ., മൂന്നാം തരം ഓവർസിയർ(റിട്ടയേർഡ്), ഇറിഗേഷൻ സബ് ഡിവിഷൻ, തലശ്ശേരി, കണ്ണൂർ(ചീഫ് എഞ്ചിനീയർ (ഐ ആന്റ് എ), തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ
ധനകാര്യ വകുപ്പ്(8/9/2017ലെ 467791/I&PW-A2/2017/Fin പ്രകാരം)
പൊതുഭരണ(എസ്.സി) വകുപ്പ്(27/06/2018 ലെ ഇനം നം.2285 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, ഐ ആന്റ് പി.ആർ.ഡി വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-06-2018

ഫയൽ നം.07/എ3/2016/ജ.വി.വ. ഇനം നം: 2285

വിഷയം : ജലവിഭവ വകുപ്പ് - ഇറിഗേഷൻ വകുപ്പിൽ താൽക്കാലിക ട്രേഡ് ഗ്രേഡ് ഓവർസിയറായി ജോലിനോക്കിയിരുന്ന ശ്രീ. കെ. ബാലകൃഷ്ണന് അതേ രീതിയിൽ സർവീസിൽ നിന്നും വിരമിച്ചവർക്ക് നൽകിയ ആനുകൂല്യം നൽകുന്നത്.

തീരുമാനം :

1. കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.
2. പൊതുമേഖല സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേന ഇപ്പോൾ നിയമിക്കപ്പെടുന്ന താൽക്കാലിക ജീവനക്കാർ, അവർ അതാത് തസ്തികകളിൽ ആവശ്യമായ പരിജ്ഞാനം നേടുമ്പോഴേക്കും നിലവിലുള്ള നിയമം അനുസരിച്ച് പ്രസ്തുത തസ്തികകളിൽ നിന്നും വിടുതൽ ചെയ്യേണ്ടി വരുന്നുണ്ട്. ഇത് ഒഴിവാക്കുവാൻ നിലവിലെ കാലപരിധി മൂന്ന് വർഷത്തേക്ക് ദീർഘിപ്പിക്കുവാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Paul Antony

പോൾ ആന്റണി
ചീഫ് സെക്രട്ടറി

✓സെക്രട്ടറി, ജലവിഭവ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

JS(A) Very urgent. Issue orders. 28/6. 28/6 12:50pm

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : 07/എ 3/2016/ജവിവ |
| 2. | വകുപ്പ് | : ജലവിഭവ (എ) വകുപ്പ് |
| 3. | വിഷയം | : ഇറിഗേഷൻ വകുപ്പിൽ താൽക്കാലിക ട്രേഡ് ഗ്രേഡ് ഓവർസിയറായി ജോലി നോക്കിയിരുന്ന ശ്രീ.കെ.ബാലകൃഷ്ണന് അതേ രീതിയിൽ സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് നൽകിയ ആനുകൂല്യം നൽകുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രി സഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 22/05/2018 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീ.എസ്.മുരളീധരൻ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 19/06/2018 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ.പോൾ ആന്റണി |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 23/06/2018 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ.മാത്യു റ്റി.തോമസ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 24/062018 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 26/06/2018 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : 27/6/2018 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : സ.ഉ.(എം.എസ്)നം. 32/2018/ജ.വി.വ തീയതി 30/6/2018 |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഇറിഗേഷൻ വകുപ്പിൽ താൽക്കാലിക തേഡ് ഗ്രേഡ് ഓവർസിയറായി ജോലി നോക്കിയിരുന്ന ശ്രീ.കെ.ബാലകൃഷ്ണന് അതേ രീതിയിൽ സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് നൽകിയതുപോലെ പെൻഷൻ ആനുകൂല്യം നൽകുന്നതിന് മുൻകാല സർവ്വീസ് ക്രമപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ ഫയൽ.

2) വിവിധ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജലസേചന വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേന 34 മൂന്നാം ഗ്രേഡ് ഓവർസിയർമാർ താൽക്കാലികാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്നു. കേരള സർവ്വീസ് റൂൾസ് പാർട്ട് 1 ചട്ടം 60 A പ്രകാരം പെൻഷൻ പറ്റുന്നതുവരെ തികച്ചും താൽക്കാലികാടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിൽ തുടരുന്നതിന് അവരെ അനുവദിച്ചിരുന്നു. പിന്നീട് 26.03.2007 ലെ സ .ഉ. (സാധാ) നം.418/07/ജവിവ. പ്രകാരം ഈ 34 താൽക്കാലിക ജീവനക്കാരേയും സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയുണ്ടായി. എന്നാൽ ബഹു.കേരള ഹൈക്കോടതിയുടെ 11.07.2007-ലെ WP(C) 11265/07 -മേലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവരെ സർവ്വീസിൽ തിരിച്ചെടുക്കുകയുണ്ടായി. ഇവരിൽ 21 താൽക്കാലിക 3rd ഗ്രേഡ് ഓവർസിയർമാരുടെ സേവനം 17.01.2012 ലെ സ.ഉ(എം.എസ്) നം.1/2012/WRD പ്രകാരം സർക്കാർ സ്ഥിരപ്പെടുത്തിയിട്ടുണ്ട് കേരള സർവ്വീസ് റൂൾസ് പാർട്ട് 1 ചട്ടം 60 A പ്രകാരം 55 വയസ് പൂർത്തിയായതിനാൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെട്ട 13 പേരെ ഇതിൽ നിന്നും ഒഴിവാക്കിയിരുന്നു. പിന്നീട് 30.10.2012 ലെ സ.ഉ.(എം.എസ്) നം.87/12/ജവിവ പ്രകാരം മേൽപ്പറഞ്ഞ 21 പേരുടെ ക്രമപ്പെടുത്തൽ തീയതി 17.01.2012 ആയി, അതായത് സർക്കാർ ഉത്തരവിന്റെ തീയതി മുതൽ നിശ്ചയിച്ചുകൊണ്ട് ഉത്തരവായിരുന്നു. ഇവരുടെ മുൻകാല സർവ്വീസിന്റെ 50% മറ്റാനുകൂല്യങ്ങൾക്കൊന്നും പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ ക്വാളിഫയിംഗ് സർവ്വീസായി പെൻഷൻ ആനുകൂല്യങ്ങൾക്ക് വേണ്ടി മാത്രമായി പരിഗണിച്ചും ഉത്തരവായിരുന്നു. ടി സർക്കാർ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കാതെ സർവ്വീസിൽ നിന്നും വിരമിച്ച 13 പേരിൽ 7 പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ പ്രസ്തുത ആനുകൂല്യത്തിനായി OA.No. 1210/12 ഫയൽ ചെയ്യുകയുണ്ടായി.

3) സർക്കാർ, കോടതി ഉത്തരവ് നടപ്പിലാക്കിയ സമയത്ത് സർവ്വീസിൽ നിന്നും വിരമിച്ച എന്ന ഒറ്റക്കാരണത്താൽ പ്രസ്തുത OA യിലെ അപേക്ഷകർ ഉൾപ്പെടെയുള്ള 13 താൽക്കാലിക മൂന്നാം ഗ്രേഡ് ഓവർസിയർമാരെ ക്രമപ്പെടുത്തലിന്റെ ആനുകൂല്യത്തിൽ നിന്നും ഒഴിവാക്കിയത് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം പുന:പരിശോധിക്കുകയും 30.09.2014 ലെ സ.ഉ(എം.എസ്) നം.91/14/WRD ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായവരും ജലസേചനവകുപ്പിൽ നിന്നും വിരമിച്ചവരുമായ 13 താൽക്കാലിക മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ സേവനകാലം, അവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന ആവശ്യത്തിലേയ്ക്ക് മാത്രമായി അവരുടെ ജലസേചനവകുപ്പിലെ മുൻകാല സർവ്വീസിന്റെ 50% കണക്കിലെടുത്ത് അവർ സർവ്വീസിൽ നിന്നും വിരമിച്ച തീയതി മുതൽ പ്രാബല്യത്തിൽ ക്രമപ്പെടുത്തി ഉത്തരവായിരുന്നു.

4) ഇതുമായി ബന്ധപ്പെട്ട് OA No.1210/12 ൽ 3-)0 കക്ഷിയായി ചേർന്നിട്ടുള്ള ശ്രീ.കെ.ബാലകൃഷ്ണൻ 03.02.1982 മുതൽ ഇറിഗേഷൻ വകുപ്പിൽ താൽകാലിക തേഡ് ഗ്രേഡ് ഓവർസിയറായി തുടർച്ചയായി ജോലി നോക്കുകയും OA No.1210/12 ൽ ടിയാന്റെ പേര് ഉൾപ്പെട്ടിരുന്നെങ്കിലും മേൽവിലാസത്തിലെ വ്യത്യാസം കാരണം 13 പേരുടെ ലിസ്റ്റിൽ ടിയാൻ ഉൾപ്പെട്ടിരുന്നില്ല എന്നും ആയതിനാൽ അതേ രീതിയിൽ സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് ലഭിച്ച വരുന്ന പെൻഷൻ ആനുകൂല്യം തനിക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നിവേദനം സമർപ്പിച്ചിരുന്നു. പ്രസ്തുത ആവശ്യം ഉന്നയിച്ച് ശ്രീ.ബാലകൃഷ്ണൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM)No.414/2018 ഫയൽ ചെയ്യുകയും ബഹു.ട്രൈബ്യൂണൽ 16/02/2018 ൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

"There will be a direction to the 1st respondent to take a decision on Annexure A8 representation after assessing all aspects and in the light of the observations made above, as expeditiously as possible, within a period of two months from the date of production of a certified copy of this order which will be produced by the applicant along with a copy of this original application. We also notice that the benefits have been sanctioned to 13

provisional 3rd grade Overseers by reckoning 50% of their prior service and by giving effect to it from the respective dates of retirements".

5) ശ്രീ.കെ.ബാലകൃഷ്ണനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുകയും 03.02.1982 ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു എന്നും പ്രസ്തുത സമയത്തെ മറ്റ് താൽക്കാലിക ജീവനക്കാർക്ക് ബാധകമായ കോടതി ഉത്തരവ് പ്രകാരം ശ്രീ.ബാലകൃഷ്ണൻ.കെ.യും 55 വയസ് പൂർത്തിയാകുന്നതുവരെ സർവ്വീസിൽ തുടരുകയുണ്ടായി എന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ടിയാന്റെ കൂടെ ജോലിയിൽ പ്രവേശിച്ച താൽക്കാലിക ഓവർസിയർമാർക്ക് അവരുടെ മുൻകാല സർവ്വീസിന്റെ 50% കണക്കിലെടുത്ത് പെൻഷൻ ആനുകൂല്യം അനുവദിച്ചതു പോലെ ടിയാന്റെ' അപേക്ഷയിലും ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്നും ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

6) ഇതു സംബന്ധിച്ചുള്ള ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"30.09.2014-ലെ സ.ഉ.(എം.എസ്) നം.91/2014/ജവിവ നമ്പർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരായ ജീവനക്കാരുടെ പട്ടികയിൽ നിന്നും ശ്രീ.ബാലകൃഷ്ണൻ ഒഴിവാക്കപ്പെട്ടത് സാങ്കേതിക കാരണത്താലായതിനാലും, ടിയാനോടൊപ്പം സർവ്വീസിൽ പ്രവേശിച്ച മറ്റു ജീവനക്കാർക്ക് ലഭിച്ച ആനുകൂല്യം ടിയാന് നിഷേധിക്കുന്നത് സ്വാഭാവിക നീതിയുടെ ലംഘനമാകുമെന്നതിനാലും, 28.01.2017 ലെ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 30.09.2014 ലെ സ.ഉ.(എം.എസ്) നം.91/2014/ജ.വിവ നമ്പർ ഉത്തരവിന്റെ ആനുകൂല്യം ശ്രീ.ബാലകൃഷ്ണനും അനുവദിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

7) മേൽ സാഹചര്യത്തിൽ 30/09/2014 ലെ ജി.ഒ.(എം.എസ്) 91/14/ജവിവ നമ്പർ ഉത്തരവ് പ്രകാരം ജലസേചന വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേന നിയമിതരായവരും വകുപ്പിൽ നിന്നും വിരമിച്ചിട്ടുള്ളവരുമായ 13 താൽക്കാലിക മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ സേവനകാലം, അവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന ആവശ്യത്തിലേക്ക് മാത്രമായി, അവരുടെ ജലസേചന വകുപ്പിലെ മുൻകാല സർവ്വീസിന്റെ 50% കണക്കിലെടുത്ത് വിരമിച്ച തീയതി മുതൽ പ്രാബല്യത്തിൽ ക്രമപ്പെടുത്തി നൽകിയിട്ടുള്ളതിനാൽ ടി ആനുകൂല്യം ശ്രീ.ബാലകൃഷ്ണനും കൂടി അനുവദിച്ച് നൽകി 16/02/2018 ലെ OA(EKM) 414/2018 നമ്പർ ഉത്തരവ്

നടപ്പിലാക്കേണ്ടതുണ്ട്.

8) ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായവരും ജലസേചന വകുപ്പിൽ നിന്നും വിരമിച്ചിട്ടുള്ളതുമായ 13 താൽക്കാലിക മൂന്നാം ഗ്രേഡ് ഓവർസിയറുടെ സേവനകാലം, സർവ്വീസിൽ നിന്നും വിരമിച്ച തീയതി മുതൽ പ്രാബല്യത്തിൽ ക്രമപ്പെടുത്തി, 30/09/2014 ലെ സ.ഉ.(എം.എസ്) നം.91/2014/ജവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന ആവശ്യത്തിലേയ്ക്ക് മാത്രമായി മുൻകാല സർവ്വീസിന്റെ 50% കണക്കിലെടുത്ത് നൽകിയ ആനുകൂല്യം 16/02/2018 തീയതിയിലെ OA(EKM) 414/2018 ൻമേലുള്ള കോടതിവിധി നടപ്പിലാക്കുന്നതിനായി ശ്രീ.ബാലകൃഷ്ണനും കൂടി അനുവദിച്ചു നൽകാമോ ?